**ഫയൽ നം : SSG 2/10/2024-TC** **തിയതി : 31-07-2024**

**ട്രാൻസ്‌പോർട്ട് കമ്മീഷണറേറ്റ്**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട് തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014

ഇ-മെയിൽ : tcoffice.mvd@kerala.gov.in |വെബ്: www.mvd.kerala.gov.in |☎ :0471- 2333317

**പ്രേഷകൻ,**

ട്രാൻസ്‌പോർട്ട് കമ്മീഷണർ,

തിരുവനന്തപുരം

**സ്വീകർത്താവ്,**

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മിഷണർ,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ,

എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ

സർ

**വിഷയം:-** മോട്ടോർ വാഹന വകുപ്പ് - **RC റിന്യൂവൽ, ട്രാൻസ്ഫർ ഓഫ് ഓണർഷിപ്പ് - ഡോക്യുമെൻ്റ് അപ് ലോഡ് സൗകര്യം വാഹനിൽ ഉൾപ്പെടുത്തിയത് - സത്യവാങ്മൂലം** - സംബന്ധിച്ച്.

**സൂചന :-** 1. SSG 2/10/2024-TC നമ്പർ ഹൈ പവർ കമ്മിറ്റി 1 മീറ്റിംഗ് മിനിറ്റ്സ് തീയതി 07/03/2024

2. SSG 2/10/2024-TC നമ്പർ നിർദ്ദേശങ്ങൾ തീയതി 22/04/2024

3. SSG 2/10/2024-TC നമ്പർ ഹൈ പവർ കമ്മിറ്റി 3 മീറ്റിംഗ് മിനിറ്റ്സ് തീയതി 07/03/2024

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 15 വർഷം കഴിഞ്ഞ വാഹനങ്ങളുടെ RC പുതുക്കുവാനുള്ള അപേക്ഷകളിൽ, ഫീസ്, ഫൈൻ എന്നിവ വർദ്ധിപ്പിച്ചുകൊണ്ട് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസുകളുടെ ഇടക്കാല ഉത്തരവ് അനുസരിച്ച്, ഫീസ് ഫൈൻ എന്നിവ താൽക്കാലികമായി തടഞ്ഞിട്ടുണ്ട്. നിലവിൽ ഇത്തരത്തിൽ അപേക്ഷകൾ ലഭിക്കുമ്പോൾ വർധിപ്പിച്ച നിലയ്ക്കുള്ള ഫീസ്, ഫൈനുകൾ തുടങ്ങിയവ കേസിൻ്റെ അന്തിമ ഉത്തരവ് അനുസരിച്ച്, പിന്നീട് വേണ്ടിവന്നാൽ അടച്ചു കൊള്ളാം എന്ന് അപേക്ഷകർ സത്യവാങ്മൂലം സമർപ്പിക്കേണ്ടതുണ്ട്. ആയത് സംബന്ധിച്ച നിർദ്ദേശങ്ങൾ സൂചന രണ്ട് പ്രകാരം ഇതിനകം തന്നെ നൽകിയിട്ടുണ്ട്.

എന്നിരുന്നാലും RC റിന്യൂവൽ ആപ്ലിക്കേഷനുകൾ പൂർത്തീകരിച്ച വാഹനങ്ങൾ ഉടമസ്ഥാവകാശം മാറ്റുന്ന സാഹചര്യത്തിൽ, മേൽ പ്രതിപാദിച്ച വർദ്ധിപ്പിച്ച ഫീസ്/ഫൈൻ എന്നിവ പുതിയ വാഹന ഉടമ അടയ്ക്കേണ്ടതായി വരുന്നു. ആയത് നിയമ പ്രശ്നങ്ങളിലേക്ക് നയിക്കുന്നതിനാൽ ഉടമസ്ഥാവകാശം മാറ്റുന്ന സാഹചര്യത്തിലും സത്യവാങ്മൂലം സമർപ്പിക്കേണ്ടത് അത്യാവശ്യമായി മാറിയിരിക്കുകയാണ്. ബഹു. കേരള ഹൈക്കോടതിയുടെ അന്തിമ വിധി മുൻപായി വാഹനം കൈമാറ്റം ചെയ്യപ്പെടുകയാണെങ്കിൽ അധിക ഫീസ്/ വർദ്ധിപ്പിച്ച ഫീസ് എന്നിവ അടയ്ക്കുവാൻ ബാധ്യസ്ഥൻ ആയിരിക്കുമെന്ന് വാഹനത്തിന്റെ പുതിയ ഉടമയിൽ നിന്നും സത്യവാങ്മൂലം വാങ്ങിക്കേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ **രജിസ്ട്രേഷൻ /ഫിറ്റ്നസ് എന്നിവ പുതുക്കിയ വാഹനങ്ങൾ ഉടമസ്ഥാവകാശം മാറുവാൻ വേണ്ടി വരുമ്പോൾ 200/- രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ പ്രസ്തുത വർദ്ധിപ്പിച്ച ഫീസ്/ ഫൈൻ എന്നിവയെ കുറിച്ച് അറിയാമെന്നും, അവ വേണ്ടി വന്നാൽ അടച്ചുകൊള്ളാം എന്നും അറിയിക്കുന്ന സത്യവാങ്മൂലം വാങ്ങേണ്ടതാണ്.**

വിശ്വസ്തതയോടെ,

Signed by
Manojkumar K
Date: 31-07-2024 13:10:10

K MANOJKUMAR

JOINT TRANSPORT COMMISSIONER & SECRETARY STA